# പതിമൂന്നാം കേരളനിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1661 02.07.2015-ൽ മറുപടിക്ക്.

**5 വർഷ പദ്ധതികൾ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. സി. രവീന്ദ്രനാഥ് | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) പഞ്ചായത്തുകളിൽ 5 വർഷ പദ്ധതികൾ ഉണ്ടാക്കുമെന്ന് നിർദ്ദേശിക്കപ്പെട്ടിരുന്നത് നടക്കാതിരുന്നതിന്റെ കാരണം വിശദമാക്കാമോ; | (എ) യും (ബി) യും | ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും 5 വർഷത്തേയ്ക്കുള്ള പദ്ധതിയും അതിന്റെയടിസ്ഥാനത്തിലുള്ള വാർഷിക പദ്ധതിയും ഏറ്റെടുക്കുന്നതിനാണ് പദ്ധതി മാർഗ്ഗരേഖയിൽ നിഷ്ക്കർഷിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 12-ാം പഞ്ചവൽസര പദ്ധതി കാലയളവിൽ ആദ്യവർഷത്തിൽ 5 വർഷത്തേയ്ക്ക് എറ്റെടുക്കുന്ന പദ്ധതികളെ സംബന്ധിച്ച വികസന രേഖ തയ്യാറാക്കിയിട്ടുള്ളതും ആയതിന്റ അടിസ്ഥാനത്തിൽ വാർഷിക പദ്ധതി തയ്യാറാക്കുകയുമാണ് ചെയ്തു വരുന്നത്. |
| (ബി) ഇപ്പോഴും അത് വാർഷിക പദ്ധതിയായി ചുരുങ്ങുന്നതിന്റെ കാരണം വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ